**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഗെയിമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഓൺലൈൻ ഗെയിമുകൾ മരണക്കളിയായി മാറുന്നതായും ഡേറ്റാ മോഷണവും, ലൈംഗിക ചൂഷണവും നടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ച മുൻകരുതലുകളെകുറിച്ച് വിശദമാക്കാമോ; | (എ) | ഉണ്ട്. ഓൺലൈൻ ഗെയിമുകളിലെ ചതികളെപ്പറ്റി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം നൽകുന്നതിനുള്ള ലഘു വീഡിയോ ചിത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ നിർമ്മിച്ച് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, പോലീസിന്റെ സോഷ്യൽ മീഡിയ സെൽ എന്നിവ മുഖേന വിവിധ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു വരുന്നു. പൊതുജനങ്ങൾക്ക് സൈബർ സുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനായി സൈബർ സുരക്ഷാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി എന്നീ പദ്ധതികൾ മുഖേന ബോധവത്കരണ പരിപാടികൾ വ്യാപിപ്പിക്കുന്നുണ്ട്. ഓൺലൈൻ ഗെയിം, സോഷ്യൽ മീഡിയ സുരക്ഷ, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക ചൂഷണങ്ങൾ സുരക്ഷിതമായ നവമാധ്യമ ഉപയോഗം തുടങ്ങിയവയെ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി വരുന്നു. ഇവ കൂടാതെ കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി 'കിഡ് ഗ്ലോവ്' പോലുള്ള സൈബർ സുരക്ഷ ബോധവത്കരണ പരിപാടികൾ, സൈബർ സുരക്ഷ സംബന്ധിച്ച വെബിനാറുകൾ എന്നിവ ഓൺലൈൻ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങളിലേക്ക് എത്തിക്കുന്നു. . |
| (ബി) | ഇത്തരത്തിലുള്ള ചൂഷണം തടയുന്നതിന് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. ഓൺലൈൻ ഗെയിമുകളിലെ ചതികളെപ്പറ്റി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം നൽകുന്നതിനുള്ള ലഘു വീഡിയോ ചിത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ നിർമ്മിച്ച് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, പോലീസിന്റെ സോഷ്യൽ മീഡിയ സെൽ എന്നിവ മുഖേന വിവിധ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു വരുന്നു. പൊതുജനങ്ങൾക്ക് സൈബർ സുരക്ഷ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണം നൽകുന്നതിനായി സൈബർ സുരക്ഷാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി എന്നീ പദ്ധതികൾ മുഖേന ബോധവത്കരണ പരിപാടികൾ വ്യാപിപ്പിക്കുന്നുണ്ട്. ഓൺലൈൻ ഗെയിം, സോഷ്യൽ മീഡിയ സുരക്ഷ, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക ചൂഷണങ്ങൾ സുരക്ഷിതമായ നവമാധ്യമ ഉപയോഗം തുടങ്ങിയവയെ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി വരുന്നു. ഇവ കൂടാതെ കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി 'കിഡ് ഗ്ലോവ്' പോലുള്ള സൈബർ സുരക്ഷ ബോധവത്കരണ പരിപാടികൾ, സൈബർ സുരക്ഷ സംബന്ധിച്ച വെബിനാറുകൾ എന്നിവ ഓൺലൈൻ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങളിലേക്ക് എത്തിക്കുന്നു. . |

സെക്ഷൻ ഓഫീസർ